ശ്രീ. എൻ. രാഘവക്കുറുപ്പ് : കണ്ടിജൻസിക്കാർക്കു സ്വീസു റ്റ്യൂലേഷൻ ബാധകമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർക്കാർ അവരെ സംബന്ധിച്ചിടത്തോളം ചില നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതു സ്വീകരിക്കണം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : സ്വീസു റ്റ്യൂലേഷൻ ബാധകമാണോ എന്നാണു ചോദ്യം ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോക്കാതെ പറയാൻ സാധ്യമല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ബാധകമല്ലെങ്കിൽ പ്രസ്തുതനോട്ടു ഒരു അഭിപ്രായം മാത്രമല്ലേ ആകുന്നുള്ളൂ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ധരിച്ചാൽ മതി.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇതു ഗവണ്മെൻറിന്റെ അഭിപ്രായമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിന്റെ അഭിപ്രായമാണ്.

Announcements by the Speaker.

MR. SPEAKER : Order, Order. The Select Committee Reports on the Travancore-Cochin Bhoodana Yegna Bill and the Travancore-Cochin Court of Wards Bill together with the Bills as reported by the Committees have been distributed to the Members last evening. Since the second reading of these Bills is expected to come up before the House on Monday, the 5th March, Members desirous of giving notice of amendments to these Bills are requested to do so before 3 P. M. on Friday, the 2nd March 1956.

I have to make another announcement.

As hon. Members are aware the whole day is allotted for the discussion of His Highness the Rajpramukh's Address. The discussion will conclude at 1 P. M. today. In order that we may have a systematic and useful discussion, I am making a suggestion to the House. The time available is 3½ hours in all, of which nearly an hour will be taken by the mover and the seconder of the motion of thanks and for the reply by the Chief Minister. A list containing 20 amendments to the motion of thanks has been circulated.

LIBRARY ARCHIVES Kerala Legislative Assembly

Amendments Nos. 6 to 8 are the same. Also amendment No. 13 is the same as No. 12. I would therefore suggest that amendments Nos. 1 to 5, 8 to 12 and 16 to 18 and 20 be moved formally by the respective Members who have given notice of these amendments. Then the motion as well as the amendments will be before the House and all Members can take part in the discussion.

It will be convenient for the Chair, with a view to regulating the discussion if Leaders of Parties would furnish the Chair with a list of speakers from their Parties.

I now call upon Mr. C. A. Mathew to move the motion of thanks.

Motion expressing thanks to His Highness the Rajpramukh for his address.

SHRI C. A. MATHEW: Sir, I move that an Address in the following form be presented to His Highness the Rajpramukh expressing the thanks of the Assembly for the speech delivered by him:

"May it please Your Highness,

We, the members of the Legislative Assembly beg leave to thank your Highness for the Address delivered to this Assembly".

സർ, രാജപ്രമുഖൻ തിരുമേനി രണ്ടു ദിവസത്തിനു മുമ്പ്, അതായതു് 27-ാംതീയതി ഈ നിയമസഭാസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു ചെയ്ത ആ നയപ്രഖ്യാപനപ്രസംഗത്തെ ആസ്പദമാക്കി ഈ കൃതജ്ഞതാപ്രമേയം ഞാൻ ബഹുമാനപ്പെട്ട സഭയുടെ പരിഗണനയ്ക്കും അനുമതിക്കും വേണ്ടി അവതരിപ്പിക്കുമ്പോൾ ഇതിനിടയിൽതന്നെ ഈ പ്രസംഗത്തെപ്പറ്റി ഉന്നയിക്കപ്പെട്ടിട്ടുള്ള വിമർശനങ്ങൾ ഞാൻ വിസ്മരിക്കുന്നില്ല. പുരോഗമനപരങ്ങളായ യാതൊരു പരിപാടികളും ഉൾപ്പെടാത്ത ഒരു ഒഴുക്കൻ പ്രസംഗമായിരുന്നു രാജപ്രമുഖൻ തിരുമേനി ഇവിടെ ചെയ്തതെന്നു ഈ സഭയിലെ സമുന്നതന്മാരായ ചില മെമ്പറന്മാർപോലും പറയുകയുണ്ടായി. രാജപ്രമുഖൻ തിരുമേനി നയപ്രഖ്യാപനം ചെയ്ത അവസരത്തിൽ ഗവണ്മെൻറിന്റെ കഴിഞ്ഞ ഒരു ചെല്ലത്തെ ചെയ്തികൾ എന്തെല്ലാമായിരുന്നു എന്നും, അടുത്ത ഒരു കൊല്ലം ഈ ഗവണ്മെൻറ് എന്തുചെയ്യാനുദ്ദേശിക്കുന്നു എന്നും ഉള്ളതിനെപ്പറ്റി ചില സൂചനകൾ മാത്രം നൽകുകയാണുണ്ടായതു്. ഒരു നയപ്രഖ്യാപനവേളയിൽ, ഇന്നത്തെ പ്രത്യേക സാഹചര്യം വച്ചുനോക്കുമ്പോൾ, ഇതിൽ കൂടുതലായി എന്തു പറയാൻ കഴിയുമെന്നു ഞാൻ ചോദിക്കുന്നു. എന്തെങ്കിലും പോരായ്മകൾ ആ പ്രസംഗത്തിലുണ്ടെങ്കിൽ, നയപ്രഖ്യാപനത്തിന്റെ പോരായ്മയല്ല, പ്രത്യുത, പാർലമെൻറിറി സംപ്രദായത്തിനു നമ്മുടെയിടയിൽ കടന്നുകൂടിയിട്ടുള്ള ചില വൈകല്യങ്ങളാണ് അതിനു കാരണം. പാർട്ടി താൽ

LIBRARY ARCHIVES Kerala Legislative Assembly